മൊത്തമായി മീറ്റർ വാങ്ങി ടെസ്റ്റ് ചെയ്ത് തെരഞ്ഞെടുത്ത ഓഫീസുകളിൽനിന്നും വിലയ്ക്ക് വഭ്യമാക്കുന്നതാണ്.

ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ

47 (6498) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വൈദ്യുതിമോഷണം കണ്ടുപിടിക്കുന്നതിനുള്ള എത്ര ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകളാണ് സംസ്ഥാനത്ത് പ്രവർത്തിക്കുന്നത് എന്നറിയിക്കുമോ ;

(ബി) ഓരോ സ്ക്വാഡിന്റെയും ഘടന എപ്രകാരമാണ് ; സ്ക്വാഡിന്റെ തലവൻ ആരാണ് ;

(സി) കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ എത്ര രൂപയുടെ വൈദ്യുതി മോഷണം പ്രസ്തുതസ്ക്വാഡ് കണ്ടുപിടിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ നൽകുമോ ;

(ഡി) നിലവിൽ സ്ക്വാഡിന് നേതൃത്വം നൽകുന്ന പോലീസ് ഉദ്യോഗസ്ഥരെ മാറ്റി ബോർഡിലെതന്നെ എഞ്ചിനീയർമാരെ സ്ക്വാഡുതലവന്മാരാക്കാൻ തീരുമാനിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ ?

ഉത്തരം

(എ) 13 സ്ക്വാഡുകൾ.

(ബി) ഓരോ സ്ക്വാഡും ഒരു അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ നേതൃത്വത്തിലാണ് പ്രവർത്തിക്കുന്നത്.

ഓരോ സ്ക്വാഡിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർക്കു പുറമെ താഴെപ്പറയുന്ന പ്രകാരം മറ്റ് ഉദ്യോഗസ്ഥരും ഉൾപ്പെട്ടിട്ടുണ്ട് :

1. അസിസ്റ്റന്റ് എഞ്ചിനീയർ – 1
2. സബ് എഞ്ചിനീയർ –1
3. ലൈൻമാൻ/ഓവർസീയർ –1
4. സിവിൽ പോലീസ് ഓഫീസർ –1
5. ജൂനിയർ അസിസ്റ്റന്റ്/സീനിയർ അസിസ്റ്റന്റ് –1
6. ഓഫീസ് അറ്റൻഡന്റ് –1.

(സി) എ.റ്റി.പി.എസ്.-ന്റെ 13 സ്ക്വാഡുകളുംചേർന്ന് കഴിഞ്ഞ മൂന്ന് വർഷത്തിനിടയിൽ 9,72,57,121/- രൂപയുടെ വൈദ്യുതി മോഷണം കണ്ടു പിടിച്ചിട്ടുണ്ട്. ഓരോ സ്ക്വാഡും കണ്ടുപിടിച്ച തുക താഴെ കൊടുക്കുന്നു :

സ്ക്വാഡിന്റെ പേര്	കണ്ടുപിടിച്ച തുക
(1)	(2)
തിരുവനന്തപുരം യൂണിറ്റ്	1,17,09,132
കൊല്ലം	1,94,39,531

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)
തിരുവല്ല	82,75,408
കോട്ടയം	57,83,604
എറണാകുളം	63,40,666
തൃശ്ശൂർ	59,47,996
പാലക്കാട്	61,21,303
വാഴത്തോപ്പ്	1,37,00,774
മലപ്പുറം	61,37,556
കൽപ്പറ്റ	16,30,585
കോഴിക്കോട്	56,37,528
കണ്ണൂർ	38,86,581
കാസർഗോഡ്	26,46,457
ആകെ	9,72,57,121

(ഡി) എ.പി.റ്റി. സ്ക്വാഡുകൾ രൂപീകരിച്ചതുമുതൽ ബോർഡിലെതന്നെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാരാണ് സ്ക്വാഡ് തലവന്മാരായി പ്രവർത്തിക്കുന്നത്. ആയത് മാറ്റുന്നതുമായി ബന്ധപ്പെട്ട് യാതൊരു തീരുമാനവും നാളിതുവരെ കൈക്കൊണ്ടിട്ടില്ല.

വൈദ്യുതി മോഷണം

48 (6499) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ എത്ര യൂണിറ്റ് വൈദ്യുതി മോഷ്ടിച്ചത് കണ്ടെത്തിയിട്ടുണ്ട് ; ആയതുപ്രകാരം എന്തുതുക പിഴയിനത്തിൽ ഈടാക്കി ; ജില്ലതിരിച്ച് വ്യക്തമാക്കുമോ ;

(ബി) ഇക്കാലയളവിനുള്ളിൽ ഇതുമായി ബന്ധപ്പെട്ട് എത്രവൈദ്യുതി ബോർഡ് ജീവനക്കാരെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡ് പിടികൂടിയിട്ടുണ്ട് ; അവർ ആരെല്ലാം ; അവർക്കെതിരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചു ; വിശദാംശം വ്യക്തമാക്കുമോ ;

(സി) ഇതുമായി ബന്ധപ്പെട്ട് ഏതൊക്കെ സ്വകാര്യ സ്ഥാപനങ്ങൾക്കെതിരെയാണ് ബോർഡ് നടപടി സ്വീകരിച്ചത് ; എപ്രകാരമുള്ള നടപടികൾ ; വിശദാംശം വ്യക്തമാക്കുമോ ;

(ഡി) വൈദ്യുതി മോഷണം തടയാൻ നൂതനമായ എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly